# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 2318

## 14.06.2019 - ലെ മറുപടിയ്ക്ക്

### ട്രഷറി സ്ഥിരനിക്ഷേപങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ടി.എ. അഹമ്മദ് കബീർ<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. മഞ്ഞളാംകുഴി അലി | | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | ട്രഷറി സ്ഥിരനിക്ഷേപങ്ങളുടെ വിശ്വാസ്യത ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | ട്രഷറിയിൽ സ്ഥിര നിക്ഷേപം നടത്തുന്ന വ്യക്തിയുടെ പക്കൽ നിന്നും കെ. വൈ. സി. ഫോറം, നിക്ഷേപകന്റെ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ (ആധാർ, പാൻ, വോട്ടേഴ്സ് ഐ.ഡി. കാർഡ്, ഡ്രൈവിംഗ് ലൈസൻസ് മുതലായവ) പകർപ്പ്, ഫോട്ടോ എന്നിവ സ്ഥിര നിക്ഷേപം തുടങ്ങുന്നതിന് നിർബന്ധമായും ഹാജരാക്കേണ്ടതുണ്ട്. ഫോട്ടോയും ഒപ്പും സ്കാൻ ചെയ്ത് ബാക്കി വിവരങ്ങളോടൊപ്പം കമ്പ്യൂട്ടറിൽ ചേർക്കുന്നു. തുക പിൻവലിക്കുന്ന വേളയിൽ മേൽ രേഖകൾ പരിശോധിച്ച് ഒത്ത് നോക്കിയാണ് ആയത് സ്വീകരിക്കുന്നത്. നിക്ഷേപം ക്ലോസ്സ് ചെയ്ത് നിക്ഷേപത്തുക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റിയ ശേഷം, ട്രഷറി ചെക്ക് ഉപയോഗിച്ച് തുക പിൻവലിക്കുന്ന രീതിയാണ് നിലവിൽ അവലംബിച്ചു വരുന്നത്. ഈ നടപടി സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ളതാണ്. കോർ ട്രഷറി സംവിധാനത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന പതിനഞ്ചക്ക എളുപ്പത്തിൽ അനുകരിക്കാനാവാത്ത അതുല്യ നമ്പരാണ് സ്ഥിര നിക്ഷേപ അക്കൗണ്ടുകൾക്ക് നൽകുന്നത്. |
| (ബി) | വ്യാജ സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുക വഴി സർക്കാരിന് | ഇതു സംബന്ധിച്ച ഒരു പരാതി തദ്ദേശ സ്വയംഭരണ (DA) വകുപ്പിൽ നിലവിൽ പരിശോധനയിലുണ്ട്. (ഫയൽ നമ്പർ. ILSGD-DA2/278/2018-LSGD). ആയതിന്മേൽ തുടർ |

| | | |
|---|---|---|
| | സാമ്പത്തിക നഷ്ടം വന്നിട്ടുണ്ടോ ; വിശദമാക്കാമോ ; | നിർദ്ദേശങ്ങൾക്കായി ഫയൽ നിലവിൽ ധനകാര്യ വകുപ്പിൽ പരിശോധനയിലാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഈടായി വ്യാജ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും ഈ സർട്ടിഫിക്കറ്റുകൾ ട്രഷറിയിൽ ഹാജരാക്കുകയോ അതിന്മേൽ തുക മാറി നൽകുകയോ ചെയ്തിട്ടില്ല. അതിനാൽ, സർക്കാരിന് ഇതുവരെയും സാമ്പത്തിക നഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടില്ല. |
| (സി) | ഉണ്ടെങ്കിൽ ട്രഷറി സ്ഥിര നിക്ഷേപങ്ങളുടെ വ്യാജ സർട്ടിഫിക്കറ്റുകൾ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ; | നിലവിൽ അത്തരം ട്രഷറി സ്ഥിര നിക്ഷേപങ്ങളുടെ സാധുത ബന്ധപ്പെട്ട ട്രഷറികളുമായി നേരിട്ട് ബന്ധപ്പെട്ട് അടിയന്തിരമായി ഉറപ്പ് വരുത്താനുള്ള നിർദ്ദേശം തദ്ദേശ സ്വയംഭരണ വകുപ്പിന് നൽകുന്നതിനും, തുടർന്ന് ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനായി ഈടു നൽകിയ സ്ഥിര നിക്ഷേപങ്ങളുടെ നിജസ്ഥിതി അറിയുന്നതിനും, നിക്ഷേപ രസീത് ഈടായി സ്വീകരിക്കുന്ന ഓഫീസർമാർക്ക് 'കൺഫർമേഷൻ സർട്ടിഫിക്കറ്റ്' ഓൺലൈനായി നൽകുവാനും എസ്.എം.എസ്. വഴി അറിയിപ്പ് നൽകുവാനുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കുന്നതിനും, സർട്ടിഫിക്കറ്റുകൾ പ്രിന്റ് ചെയ്യാൻ ഉപയോഗിക്കുന്ന പ്രീ-പ്രിന്റഡ് സ്റ്റേഷനറിയിൽ അനുകരിക്കാനാകാത്ത സുരക്ഷാ മാനദണ്ഡങ്ങൾ ഏർപ്പെടുത്തുന്നതും സംബന്ധിച്ച ഒരു വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

Meji. Cn

സെക്ഷൻ ഓഫീസർ